# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സീതത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ പി.6-548/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/06/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സീതത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ പി.6-548/2022 തീയ്യതി: 17/06/2022

## പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 11-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിദ്ധ എസ്സ് | ഡെപ്യൂട്ടി ഡയറക്ടർ | 12-05-2022 | 24-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-05-2022 | 24-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സി വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പി.ജയപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ.എസ്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീന മുഹമ്മദ് റാഫി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്രേട്ടറ്റീവ് | പ്രസിഡന്റ് | 12-11-2020 | 30-12-2020 |

| | | | |
|---|---|---|---|
| കമ്മിറ്റി | | | |
| ശ്രീ ജോബി ടി ഈശോ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ അശോക് കുമാർ ജി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഉല്ലാസ് ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ രാഘവൻ പിസി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ ബെഞ്ചി ദാനിയേൽ | കൃഷി ഓഫീസർ | 01-04-2020 | 16-06-2020 |
| ശ്രീമതി പ്രവീണ | കൃഷി ഓഫീസർ | 17-06-2020 | 08-07-2020 |
| ശ്രീ ശ്രീകുമാർ എസ്സ് | കൃഷി ഓഫീസർ | 09-07-2020 | 22-10-2020 |
| ശ്രീ മുത്തു സ്വാമി | കൃഷി ഓഫീസർ | 23-10-2020 | 05-11-2020 |
| ശ്രീ സന്ദീപ് പി കുമാർ | കൃഷി ഓഫീസർ | 06-11-2020 | 20-02-2021 |
| ശ്രീ ശ്രീകുമാർ എസ്സ് | കൃഷി ഓഫീസർ | 21-02-2021 | 19-03-2021 |
| ശ്രീമതി പ്രവീണ | കൃഷി ഓഫീസർ | 20-03-2021 | 31-03-2021 |
| ഡോ.ലിമ കെ.സെൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.വിൻസന്റ് സേവ്യർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.ഷിജി.റ്റി.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അരു**ൺ**കുമാർ എം.വി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ സിജു എസ്.എസ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി വനജകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മേരി സേവ്യർ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.ബിനുരാജ് പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K S Deepa (Auditor, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 12-05-2022)<br>Last Updated By: Snigdha S (Deputy Director, On 16-06-2022) | 1-2 |
| 3 | സാമ്പത്തിക നില<br>Written By: Jayaprabha P (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-06-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 19-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Jayaprabha P (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-10 |
| 12 | രസീതുകളുടെ പരിപാലനം-അപാകങ്ങൾ<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 16-06-2022) | 1-11 |
| 13 | വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-12 |
| 14 | തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല.<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 1-13 |
| 15 | വാടക പൂർണ്ണമായി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 16-06-2022) | 1-14 |
| 16 | ലേലം - നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല.<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 1-15 |
| 17 | സേവന ഉപനികുതി ഈടാക്കുന്നില്ല.<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-16 |

| | | |
|---|---|---|
| 18 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല<br>Written By: Veena C (Asst. Audit Officer, On 24-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 1-17 |
| 19 | തനതു ഫണ്ട് കമ്മി - വരുമാനവർദ്ധനവിന് നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Jayaprabha P (Asst. Audit Officer, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-06-2022) | 1-18 |
| 20 | എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്യനിർണ്ണയം നടത്താതെയും കമ്പ്യൂട്ടർ നെറ്റ്‌വർക്കിംഗ് നടത്തി<br>Written By: Jayaprabha P (Asst. Audit Officer, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 1-19 |
| 21 | ടോയ്‌ലെറ്റുകൾക്ക് പ്ലംബിംഗ് പ്രവൃത്തികൾ- മൂല്യ നിർണ്ണയം നടത്താതെ തുക നൽകി<br>Written By: Jayaprabha P (Asst. Audit Officer, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 16-06-2022) | 1-20 |
| 22 | മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-06-2022) | 1-21 |
| 23 | തെരുവുവിളക്കുകളുകളും അനുബന്ധ സാമഗ്രികളും വാങ്ങലുകളും അറ്റകുറ്റപ്പണികളും - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 28-05-2022)<br>Last Updated By: Snigdha S (Deputy Director, On 16-06-2022) | 1-22 |
| 24 | ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല. 89.02 ലക്ഷം രൂപ നഷ്ടപ്പെടുത്തി<br>Written By: Jayaprabha P (Asst. Audit Officer, On 28-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 1-23 |
| 25 | പി എച്ച് സി.യിലേക്ക് മരുന്നു ലഭ്യമാകാൻ അവശേഷിക്കുന്നു.<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-06-2022) | 1-24 |
| 26 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 16-06-2022) | 1-25 |
| 27 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം - അപര്യാപ്തം<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Snigdha S (Deputy Director, On 16-06-2022) | 1-26 |
| 28 | അങ്കണവാടികളുടെ ഫുഡ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല.<br>Written By: K S Deepa (Auditor, On 27-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 1-27 |
| 29 | അധികം നൽകിയ ജി.എസ്.റ്റി കോംപൻസേഷൻ തിരികെ ഒടുക്ക് വരുത്തി<br>Written By: Veena C (Asst. Audit Officer, On 24-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-28 |
| 30 | ടെണ്ടർ കുറവ് കണക്കാക്കിയതിലെ പിഴവ് മൂലം കരാറുകാരന് അധികം പ്രതിഫലം നൽകി<br>Written By: Veena C (Asst. Audit Officer, On 24-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-06-2022) | 1-29 |
| 31 | ടാറിംഗ് പ്രവൃത്തികളിൽ ടാറിന്റെ അളവ് സാക്ഷ്യപ്പെടുത്തിയില്ല<br>Written By: Veena C (Asst. Audit Officer, On 28-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-06-2022) | 1-30 |

| | | |
|---|---|---|
| 32 | രേഖകൾ ഹാജരാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 28-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 1-31 |
| 33 | റിവോൾവിംഗ് ഫണ്ട്-സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Veena C (Asst. Audit Officer, On 24-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-32 |
| 34 | പ്രവൃത്തി അളന്ന് പ്രതിഫലം തിട്ടപ്പെടുത്താതെ കരാറുകാരന് തുക നൽകി<br>Written By: Veena C (Asst. Audit Officer, On 24-05-2022)<br>Last Updated By: Snigdha S (Deputy Director, On 17-06-2022) | 1-33 |
| 35 | സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 24-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-06-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Veena C (Asst. Audit Officer, On 20-05-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Veena C (Asst. Audit Officer, On 20-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Veena C (Asst. Audit Officer, On 20-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 13-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 12-05-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 16-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 26.03.2020 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപ്പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 18.06.2021 തീയതിയിൽ ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Schedule B4 – പ്രത്യേകാവശ്യ ഫണ്ടുകൾ സംബന്ധിച്ച ബാലൻസ് തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടില്ല.
2. Schedule B5 – KURDFC Loan – ബാലൻസായി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല.2019-20 വർഷം ലോൺ തിരിച്ചടവിലേക്കായി സ്രോതസ്സിൽ കുറവ് ചെയ്ത 13,82,353 രൂപയും 2020-21 വർഷം സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 2284314 രൂപയും അക്കൗണ്ട് ചെയ്തിട്ടില്ല.
3. Schedule B7- ബാലൻസായി കാണിച്ചിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത തെളിയിക്കുന്നതിനുള്ള രജിസ്റ്റർ/രേഖകളുടെ അഭാവത്തിൽ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.
4. വസ്തു നികുതി - ഡിസിബി തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5. Schedule B18- ഡെപ്പോസിറ്റ് പ്രവൃത്തികൾ – രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.ബാലൻസ് തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടില്ല.
6. തൊഴിലുറപ്പ് പദ്ധതി - കാഷ് ബുക്കിലെ കണക്കുകൾ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 24974669 |
| വരവ് | 134555282 |
| ആകെ | 159529951 |
| ചെലവ് | 156543248 |
| നീക്കിയിരിപ്പ് | 2986703 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 52108191 | 52108191 | 46727565 | 5380626 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3927491 | 3927491 | 3505520 | 421971 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 366610 | 366610 | 326961 | 39649 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | | 16930000 | 16930000 | 8697913 | 8232087 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 32147965 | 32147965 | 22216721 | 9931244 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 13145000 | 13145000 | 12254811 | 890189 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 7849000 | 7849000 | 5678690 | 2170310 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1. സ്രോതസ്സിൽ നിന്നും കുറവു ചെയ്ത ചുവടെ ചേർക്കുന്ന തുകകൾ ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല

| സ്രോതസ്സിൽ നിന്നും കുറവു ചെയ്ത ഇനം | വികസനഫണ്ട് (ജനറൽ) | വികസനഫണ്ട് (എസ്സ് സി പി) | വികസനഫണ്ട് (റ്റി എസ്സ് പി) | റോഡിതര സംരക്ഷണ ഗ്രാന്റ് |
|---|---|---|---|---|
| അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം | 1121400 | -- | -- | -- |
| ലൈഫ് ഭവന പദ്ധതി (ജനറൽ) | 1932706 | -- | -- | -- |
| ലൈഫ് ഭവന പദ്ധതി (എസ്സ് സി പി) | -- | 307647 | -- | -- |
| ലൈഫ് ഭവന പദ്ധതി (റ്റി എസ്സ് പി) | -- | -- | 43961 | -- |
| വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനുള്ള ചെലവ് | -- | -- | -- | 79387 |
| ആകെ | 3054106 | 307647 | 43961 | 79387 |

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 344 | 196363874 | 278 | 109318417 | 66 | 81 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 511531 | 1522235 | 2033766 | 1945990 | 87776 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42966941 | 42966941 | 42966941 | 0 |
| ആകെ | 511531 | 44489176 | 45000707 | 44912931 | 87776 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 5798400 | 286 |
| വിധവാപെൻഷൻ | 12820400 | 672 |
| വാർദ്ധക്യകാലപെൻഷൻ | 31588400 | 1738 |
| വികലാംഗപെൻഷൻ | 3773700 | 202 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 172500 | 10 |

| | | |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 37440 | 52 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.05.2022 2.00 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1757 രൂപ (ആയിരത്തി ഏഴുന്നൂറ്റി അൻപത്തിയേഴ് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായ വിധത്തിൽ പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ മോണിട്ടറിംഗ് ഇല്ല. വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ചിട്ടയോടെയും ദീർഘവീക്ഷണത്തോടെയുമുള്ള പ്രവർത്തനങ്ങൾ ഇല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 03.09.2021-08.09.2021 | 04/21-12/21 | 08.04.2022 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 03.08.2016 | 2011-12 മുതൽ 2015-16 വരെ | 24.08.2016 |

## 1-11 രസീതുകളുടെ പരിപാലനം-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉദാഹരണ സഹിതം ചുവടെ ചേർക്കുന്നു.

1) പിരിവിനായി ഉപയോഗിച്ച ബുക്കുകളിൽ സാമ്പത്തികവർഷാവസാനം ബാക്കി നിൽകുന്ന രസീതുകൾ ക്യാൻസൽ ചെയ്യുന്നില്ല. ഇത് രസീതിന്റെ ദുരുപയോഗത്തിന് കാരണമാകാം. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ ക്രമപ്രകാരം റദ്ദ് ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതും തൻവർഷം പഞ്ചായത്തിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ എല്ലാ രസീതു ബുക്കുകളും വർഷാന്ത്യത്തിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. വെറ്റിനറി സർജന് നൽകിയ രസീതു ബുക്കിലെ ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് ഫ്ലൈ ലീഫിൽ സർട്ടിഫിക്കറ്റ്-ഓഫ്-കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ രസീതു ബുക്കിലും സർട്ടിഫിക്കറ്റ്-ഓഫ്-കൗണ്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഉദാ-18105, 18106
വെറ്റിനറി സർജന് 17-11-21-ൽ പഞ്ചായത്തിൽ നിന്നും നൽകിയ 18106 നംപരായുള്ള രസീതു ബുക്ക് ഇതുവരെ ഉപയോഗിച്ചിട്ടില്ല. ഉപയോഗിക്കാതെ രസീതു ബുക്ക് തിരികെ വാങ്ങി വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

2) കൃഷി ആഫീസർക്ക് നൽകിയ 230- ാം നമ്പർ രസീതു ബുക്കിലെ 91 -ാം നമ്പർ രസീത് ബിന്ദു അനിൽകുമാർ, തടത്തിൽ എന്ന ഗുണഭോക്താവിന് നല്കിയതിൽ തുക എഴുതിയിട്ടില്ല. ആയതിനാൽ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി (വനിത) എന്ന പദ്ധതിക്കായി ഗുണഭോക്തൃ വിഹിത ഇനത്തിൽ ടിയാളിൽ നിന്ന് ഇടാക്കിയ തുകയും പഞ്ചായത്തു ഫണ്ടിൽ ഒടുക്കുവരുത്തിയ തുകയും ഒന്നു തന്നെയാണോയെന്ന് ഓഡിറ്റിന് ഉറപ്പു വരുത്തുവാനായിട്ടില്ല. ഇപ്രകാരം തുക എഴുതാതെ രസീത് ഉപയോഗിച്ചത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ 2020-21 സാമ്പത്തിക വർഷം 1879696 രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 406521 |
| Receivables For Property Tax On Residential Building (Arrear) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 181414 |
| Receivables For Property Tax On Non-residential Building (Current) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 371355 |
| Receivables For Property Tax On Non- Residential Building (Arrear) (സർവ്വീസ് സെസ് ഉൾപ്പെടെയുള്ള തുക) | 920406 |
| Total | 1879696 |

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനുമായി വസ്തുനികുതിയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി, പിരിവ് 100% ആക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല.

1) തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് രാജ് നിയമം - 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ സീതത്തോട് ക്ഷീരോൽപാദക സഹകരണ സംഘത്തിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല. നികുതി ഇടാക്കി വിശദാംശം ആഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്യുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ച ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം-2/12.05.22) റേഷൻ വ്യാപാരികളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ അടവാക്കുന്നതുവരെ ടി. ആളുകളുടെ ഇൻസെന്റീവ് തടഞ്ഞുവയ്ക്കുന്നതിന് കോന്നി താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നുള്ള മറുപടി പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഫീസും നികുതിയും ഇടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക പൂർണ്ണമായി ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തെ വാടക സംബന്ധമായ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 16 മുറികളും പൊതു മാർക്കറ്റിലെ ഓപ്പൺ സ്റ്റാളിൽ 10 മുറികളും ഒരു സ്റ്റെയർ കേയ്സ് മുറിയുമാണുള്ളത്. 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ഒഴിഞ്ഞു കിടക്കുന്ന മുറികളായ 3, 6, 7, 8, 9, 10 (റൂം നമ്പർ 5 ഒഴികെ) എന്നിവയും സ്റ്റെയർ കേയ്സ് മുറിയും നിലവിലും ഒഴിഞ്ഞു കിടക്കുകയാണ്. വാടകയ്ക്ക് നല്കിയിട്ടുള്ള താഴെ പറയുന്ന കടമുറികളിൽ നിന്നും വാടക കുടിശികയിനത്തിൽ 8,090 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | കടമുറി നമ്പർ | പ്രതിമാസവാടക (ജി.എസ് ടി ഉൾപ്പെടെ) | ഈടാക്കുവാൻ അവശേഷിക്കുന്ന വാടക (നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | സുരേഷ് എം.ബി മുരുപ്പേൽ ആങ്ങമൂഴി | 8 | 5962 | 5962 |
| 2 | ചാക്കോ വർഗീസ് പുളിയോടിക്കൽ സീതത്തോട് | 9 | 2128 | 2128 |

| | | | | |
|---|---|---|---|---|
| | | | ആകെ | 8090 |

ഒഴിഞ്ഞു കിടക്കുന്ന ടി കടമുറികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-15 ലേലം - നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ 01-04-2020 മുതൽ 31-03-21 വരെയുള്ള ഒരു വർഷക്കാലത്തേക്കുള്ള ലേല അവകാശം 15-02-2020-ലെ S5-750/2020 വ്യവസ്ഥകൾക്ക് വിധേയമായി 26-02-2020 ബുധനാഴ്ച പകൽ 11.30 ന് നടന്നു. ഗേറ്റ് ഫീസ്സ് പിരിവ്, കൃഷി ചെയ്ത മേലാദായം എടുക്കുക, കംഫർട്ട് സ്റ്റേഷനുകളുടെ നടത്തിപ്പവകാശം, ഒഴിവുള്ള കടമുറികളുടെ ലേലം തുടങ്ങിയ എട്ടെണ്ണത്തിന് ലേലം നടന്നുവെങ്കിലും നാലെണ്ണത്തിന്റെ ലേലത്തിൽ ആരും പങ്കെടുത്തില്ല. ലേലം നടന്നതിൽ രണ്ടെണ്ണം മാത്രമാണ് ലേല നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. ബാക്കിയുള്ളവ പുനർ ലേലം നടത്തുകയോ പിന്നീട് ലേലം ചെയ്യുവാനുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് അധികൃതർ ടി വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്. ഇപ്രകാരമുള്ള അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സേവന ഉപനികുതി ഈടാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207 (1) ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10% ൽ കുറയാത്ത സേവന ഉപനികുതി ചുമത്താവുന്നതാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക വികസനവും സാമൂഹ്യനീതിയും സമയബന്ധിതമായി കൈവരിക്കുന്നതിന് പഞ്ചായത്തുകൾ തനതു വരുമാനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തമാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നികുതി ഈടാക്കുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്താവുന്നതും ആയത് കമ്മിറ്റിയിൽ ചർച്ചചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളാവുന്നതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-17 ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല

17.08.2017ലെ ഡി.ബി1/7942/2010/സിഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. പഞ്ചായത്ത് ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ആയതിലേക്ക് അക്കൗണ്ട് അടിയന്തിരമായി ആരംഭിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. 2020-21 വർഷം പഞ്ചായത്തിൽ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ 132050 രൂപ വരവ് വന്നിട്ടുണ്ടെങ്കിലും ആയത് തിരികെ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ആയത് തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 തനതു ഫണ്ട് കമ്മി - വരുമാനവർദ്ധനവിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില വളരെ പരിതാപകരമായ സ്ഥിതിയിലാണ്. നികുതി/നികുതിയേതര വരവുകൾ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 9944645 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതു കൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 1.47കോടി രൂപയാണ്. മുൻവർഷം ഇത് 98.47 ലക്ഷം രൂപയായിരുന്നു. ഓരോ വർഷവും ധനകമ്മി വർദ്ധിച്ചുവരുന്ന അവസ്ഥയാണുള്ളത്.

| തനത് വരുമാനം | തുക | തനത് ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 363502 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10b) | 9930729 |
| വാടക (I-3) | 455328 | ഭരണപരമായ ചെലവുകൾ( I-11b) | 1532115 |
| ഫീസുകളും യൂസർ ചാർജ്ജും (I-4b) | 418888 | പ്രവർത്തനചെലവുകളും പരിപാലനവും (I-12b) | 4226140 |

| | | | |
|---|---|---|---|
| വിൽപ്പനയും കൂലി ചാർജ്ജും (I-5b) | 63593 | ബാങ്ക് ചാർജ്ജ് (I-13) | 447438 |
| പലിശ (I-8) | 43530 | | |
| മറ്റ് വരവുകൾ (I-9) | 14830 | | |
| വരവിൽ കവിഞ്ഞ് ചെലവ് | 14776751 | | |
| | 16136422 | | 16136422 |

B4 ഷെഡ്യൂൾ പ്രകാരം മറ്റ് ആവശ്യങ്ങൾക്കായുള്ള ഫണ്ടുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് 25760724 രൂപയാണ്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടുകളിലാകെ അവശേഷിക്കുന്നത് 19.52 ലക്ഷം രൂപ മാത്രമാണ്. ഗ്രാമപ്പഞ്ചായത്തിന് ബാദ്ധ്യതയായി തനതുഫണ്ട് അക്കൗണ്ടിലുണ്ടായിരുന്ന തുക 25760724 രൂപ വകമാറ്റിയാണ് ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്നത്. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിഗണിച്ച് വരുമാന വർദ്ധനവിന് ശ്രമിക്കാവുന്നതാണ്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും (ബാലൻസ് ഷീറ്റ് പ്രകാരമുള്ള വസ്തു നികുതി 18.79 ലക്ഷം രൂപയാണ്) പുതിയ വരുമാനസ്രോതസ്സുകൾ കണ്ടെത്തി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്യനിർണ്ണയം നടത്താതെയും കമ്പ്യൂട്ടർ നെറ്റ്‌വർക്കിംഗ് നടത്തി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പുതിയ ഓഫീസ് കെട്ടിടത്തിൽ കമ്പ്യൂട്ടർ നെറ്റ്‌വർക്കിംഗ് നടത്തുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രോജക്ട് (പ്രോജക്ട് നം.258/21) സാങ്കേതിക ഉപദേശം വാങ്ങാതെയും എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ് നടപ്പിലാക്കിയത്.

ഐ.കെ.എം മുഖേന ജില്ലാതലത്തിലുള്ള കോൺട്രാക്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ നെറ്റ്‌വർക്കിംഗ് ജോലികൾ ചെയ്തിരുന്നത്. എന്നാൽ ലിസ്റ്റിന്റെ കാലാവധി അവസാനിച്ചപ്പോൾ പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് ഐ.കെ.എമ്മിന്റെ സാങ്കേതിക സഹായത്തോടെ പൂർത്തീകരിക്കുന്നതിന് 04.04.2012 ലെ സ.ഉ(സാധാ)നം.1066/2012/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

എസ്റ്റിമേറ്റ് തയ്യാറാക്കാതെ അടങ്കൽ തുകയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്കായ 3,38,990 രൂപ ക്വോട്ട് ചെയ്ത ഐസോൺ സിസ്റ്റംസ്, സീതത്തോട് എന്ന സ്ഥാപനത്തിന് പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുകയുമാണ് ചെയ്തത്. എസ്റ്റിമേറ്റ് തയ്യാറാക്കാതെ അടങ്കൽ തുക വകയിരുത്തിയത് എപ്രകാരമെന്ന് വ്യക്തമല്ല. പ്രവൃത്തി നടത്തിയ കരാറുകാരന് തുക നൽകിയതും ക്രമപ്രകാരമല്ല. പ്രവൃത്തിയുടെ വാല്യുവേഷൻ, ക്ഷമതയുള്ള ഉദ്യോഗസ്ഥനോ ഐ.കെ.എം മുഖേനയോ നടത്തിയതിനുശേഷം മാത്രമായിരുന്നു തുക നൽകേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/24.05.2022) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്തത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക 3,38,990 രൂപ (ബിൽ നം.20051152004100014866/11/04/2020)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ടോയ്‌ലെറ്റുകൾക്ക് പ്ലംബിംഗ് പ്രവൃത്തികൾ- മൂല്യ നിർണ്ണയം നടത്താതെ തുക നൽകി

വിവിധ ടോയ്‌ലറ്റുകൾക്ക് പ്ലംബിംഗ് പ്രവൃത്തികൾ നടത്തുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ മൂല്യനിർണ്ണയം നടത്താതെയാണ് തുക നൽകിയിട്ടുള്ളത്.

ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ നൽകുകയുമാണ് ചെയ്തത്. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പ്രോജക്ടിന്റെ പേര് | കരാറുകാരൻ/സ്ഥാപനം | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 1 | 214/2021-ആങ്ങമൂഴി | NEXT TRADERS, സീതത്തോട് | 179600 | 20051152004100014864/11/04/2020 |

| | | | | |
|---|---|---|---|---|
| | പൊതു ടോയ്‌ലെറ്റിന് മോട്ടോർ വാങ്ങൽ | | | |
| 2 | 254/2021- കുട്ടവഞ്ചി ഓഫീസിൽ ടോയ്‌ലെറ്റിന് മോട്ടോർ, ടാങ്ക് പ്ലംബിംഗ്, അങ്കണവാടിക്ക് വാട്ടർ ടാങ്ക് | NEXT TRADERS, സീതത്തോട് | 89850 | 200511520041000 14863/ 11/04/2020 |
| 3 | 20/2021- എഇ, വിഇഒ ഓഫീസിന് മോട്ടോർ, ഫിറ്റിംഗ് അനുബന്ധ പണികൾ | അനിൽകുമാർ കെ | 99000 | 20051152004100686183/ 04/11/2020 |
| 4 | 401/2021- ആങ്ങമൂഴി പൊതു ടോയ്‌ലെറ്റ് - പ്ലംബിംഗ് അനുബന്ധ പണികൾ | NEXT TRADERS, സീതത്തോട് | 26530 | 5040307201200070/ 08/01/2021 |
| | | | 394980 | |

പ്ലംബിംഗ് സാമഗ്രികളുടെ ഇൻവോയിസ് മാത്രമാണ് തുക ചെലവഴിച്ചതിന്റെ തെളിവായി ഹാജരാക്കിയിട്ടുള്ളത്. മേൽ പട്ടികയിലെ ക്രമ നമ്പർ 1 ലുള്ള പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടാണ്. ആങ്ങമൂഴി പൊതു ടോയ്‌ലെറ്റിന് മോട്ടോർ വാങ്ങൽ എന്നതാണ് പ്രോജക്ടിന്റെ പേരെങ്കിലും മറ്റ് പ്ലംബിംഗ് പ്രവൃത്തികളും പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇൻവോയിസ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. മോട്ടോറിന്റെ വിലയായി ഇൻവോയിസിൽ രേഖപ്പെടുത്തിയരിക്കുന്നത് 11628 രൂപയാണ്. ബാക്കി തുക അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും ലേബർ ചാർജ്, Other Charge എന്നയിനത്തിനുമാണ്. Other Charge എന്നയിനത്തിന് 40581 രൂപയാണ് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വാല്യുവേഷൻ നടത്താത്തതിനാൽ ഈയിനത്തിലുള്ള തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതേ ടോയ്‌ലറ്റിന്റെ പ്ലംബിംഗ് അനുബന്ധ പണികൾ നടത്തുന്നതിനായി ക്രമനമ്പർ 4 പ്രകാരമുള്ള പ്രോജക്ടിൽ വീണ്ടും 26530 രൂപ ചെലവഴിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കാതെയും വാല്യുവേഷൻ നടത്താതെയുമാണ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളതെന്നതിനാൽ ചെലവു തുകകളുടെ കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അപാകതകളിൽ മേൽ ചെലവഴിച്ച തുക 394980 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യുന്നു

മരണപ്പെട്ട ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്ഷേമ പെൻഷൻ തുക വിതരണം നടത്തിയിട്ടുള്ളതായി കണ്ടു. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാതിരുന്നത് മൂലമാണ് ഈ അപാകത സംഭവിച്ചത്. ഡെത്ത് രജിസ്റ്റർ മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഇവ ഒത്തുനോക്കി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മരണ രജിസ്ട്രേഷൻ നമ്പർ | പെൻഷണർ ഐ.ഡി | പെൻഷൻ തരം | മരിച്ച ആളുടെ പേര്, വിലാസം | മരണം നടന്ന തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | പെൻഷൻ വിതരണം ചെയ്ത | പെൻഷൻ അവസാനമായി അനു | പെൻഷൻ അവസാനമായി കൈ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | രീതി | വദിച്ച മാസം | പ്പറ്റിയ/ നൽകിയ മാസം | |
| 1. | 2/ 2020 | 10 40 30 20 13 85 | വാർദ്ധക്യ കാല പെൻഷൻ | പൊന്നമ്മ കെ.ജി, 6/79, കൈ തക്കഴി യിൽ, കൊച്ചു കോ യിക്കൽ P.O, 689667 | 21/ 12/ 2019 | 07/ 01/ 2020 | 04/ 05/ 2020 | ഡയറ ക്റ്റ് ഹോം | 4/ 2020 | 7/ 2019 | 8/ 20 19 മുതൽ 4/ 20 20 വരെ യുള്ളത് ബാങ്കി ന്റെ അക്കൗ ണ്ടിൽ |
| 2. | 4/ 20 20 | 10 40 30 20 09 38 | വാർദ്ധക്യ കാല പെൻഷൻ | മത്തായി തോമസ് 8/ 126, കൊച്ചു കാലാ യിൽ, സീത ത്തോട് | 30. 12. 2019 | 07. 01. 2020 | 05/ 05/ 2020 | ഡയ റക്റ്റ് ഹോം | April 2020 | 7/ 2019 | 8/ 20 19 മുതൽ 4/ 20 20 വരെ യുള്ളത് ബാങ്കി ന്റെ അക്കൗ ണ്ടിൽ |
| 3. | 5/ 2020 | 10 40 30 60 04 85 | വിധവാ പെൻഷൻ | കുഞ്ഞമ്മ 4/ 352, കോ ണമല, വാല്യ പാറ, ആങ്ങ മൂഴി | 02/ 01/ 2020 | 22/ 01/ 2020 | 05/ 05/ 2020 | ഡയ റക്റ്റ് ഹോം | April 2020 | Sept Em Ber- 2019 | 10/ 20 19 മുതൽ 4/ 20 20 വരെ യുള്ളത് ബാങ്കി ന്റെ അക്കൗ ണ്ടിൽ |
| 4. | 6/ 2020 | 10 40 30 20 06 14 | വാർദ്ധക്യ കാല പെൻഷൻ | ബാല ചന്ദ്രൻ എൻ, 11/ 399, പാമ്പോ ലിൽ, സീത ത്തോട് P. O | 05/ 01/ 2020 | 22/ 01/ 2020 | 04/ 05/ 2020 | ഡയ റക്റ്റ് ഹോം | April 2020 | July 2019 | 8/ 20 19 മുതൽ 4/ 20 20 വരെ യുള്ളത് ബാങ്കി ന്റെ അക്കൗ |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | ണ്ടിൽ |
| 5. | 8/2020 | 104030200764 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ:- പ്രായം 75 വയസിനു താഴെ | പെരിയ സ്വാമി പളനി യാണ്ടി 3/172, കെ.എഫ്. ഡി.സി കോളനി, കൊച്ച പമ്പ, ഗവി P. O | 06/01/2020 | 22/01/2020 | Active | | | | |
| 6. | 30/2020 | 104030200049 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ:- പ്രായം 75 വയസിനു മുകളിൽ | മാധവൻ 11/197, മാം മൂട്ടിൽ, മൂന്ന് കല്ല്, സീത ത്തോട് | 16/04/2020 | 19/05/2020 | 17/11/2020 | ഡയറക്റ്റ് ഹോം | Oc To Ber/2020 | April/2020 | 4/2020 മുതൽ 10/2020 വരെയുള്ളത് ബാങ്കിന്റെ കൈമാറി അക്കൗണ്ടിൽ |
| 7. | 33/2020 | 104030200451 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ:- പ്രായം 75 വയസിനു താഴെ | പത്മിനി വിജയ ഭാനു, 1/250, മണ്ണിൽ, കോട്ട മൺ പാറ P. O | 05/07/2020 | 19/05/2020 | 09/10/2020 | ഡയറക്റ്റ് ഹോം | Sep Tem Ber-2020 | 4/2020 | 4/2020 മുതൽ 10/2020 വരെയുള്ളത് ബാങ്കിന്റെ കൈമാറി അക്കൗണ്ടിൽ |
| 8. | 39/2020 | 104030201218 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ:- പ്രായം 75 വയസിനു | തുളസി മോഹനൻ 7/412, തുളസി ഭവനം, കൊച്ച കോയിയ്ക്കൽ | 26/05/2020 | 08/06/2020 | 08/11/2021 | ബാങ്ക് മുഖേന | Octo Ber 2021 | | 6/2020 മുതൽ 10/2021 വരെയുള്ള |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | താഴെ | P. O | | | | | | | പെൻഷൻ അനധി കൃതമായി നൽകി . |
| 9. | 87/ 2020 | 10 40 30 20 05 06 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ:- പ്രായം 75 വയസിനു മുകളിൽ | ദൈവാന മാടസ്വാമി 3/ 360, കെ.എഫ്. ഡി.സി കോളനി, ഗവി | 30/ 10/ 2020 | 02/ 12/ 2020 | Active | | | Sep Tem Ber/ 2020 | Octo Ber 20 20 മുതൽ August 20 21 വരെ തുക കൈ മാറാൻ സാധി ച്ചിട്ടില്ല എന്ന് രേഖ പ്പെടു ത്തിയി രിക്കുന്നു. Sep Tem Ber 20 21 മുതൽ Dec Em Ber 20 21 വരെ യുള്ള കാല യളവിൽ Deceased എന്ന് രേഖ പ്പെടു ത്തിയി രിക്കുന്നു. എന്നാൽ Jan Ua Ry 20 22 മുതൽ April 20 22 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | വരെയുള്ള കാലയളവിലെ തുക സഹകരണ ബാങ്കിന്റെ കൈമാറി. നിലവിലും Active. |
| 10. | 52 79 04 59 32 75 | 95/ 2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ദേവയാനി 5/ 119, വാലുഴത്തിൽ, കൊച്ചുകോയിക്കൽ | 15/ 12/ 2020 | 30/ 12/ 2020 | 06/ 03/ 2021 | ഡയറക്ട്ട് ഹോം | Feb Ruary 2021 | Nov Em Ber 2020 | 12/ 2020 മുതൽ 2/ 2021 വരെയുള്ളത് ബാങ്കിന്റെ അക്കൗണ്ടിൽ നൽകി |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ ചേർത്തിട്ടുള്ളത്. ഡെത്ത് രജിസ്റ്റർ, മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ, തിരിച്ചറിയൽ രേഖകൾ ഇവ ഒത്തുനോക്കി മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്കും മരണപ്പെട്ട മറ്റ് പെൻഷൻ ഗുണഭോക്താക്കൾക്കും അനർഹമായി പെൻഷൻ നൽകിയിട്ടുണ്ടെങ്കിൽ ആയവ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 തെരുവുവിളക്കുകളുകളും അനുബന്ധ സാമഗ്രികളും വാങ്ങലുകളും അറ്റകുറ്റപ്പണികളും - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ തെരുവു വിളക്കുകൾ വാങ്ങലുകൾ, അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾക്കായി തൻവർഷം 21.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | 295/2021, അള്ളുങ്കൽ വാർഡിൽ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ | 292400 | 20051152004100726493 /12.11.2020 |
| 2 | 176/2021, മൂന്നുകല്ല് വാർഡിൽ എൽ ഇ ഡി ലൈറ്റ് വാങ്ങൽ | 250000 | 20051152004100795495/ 02.12.2020 |
| 3 | 154/21, ആങ്ങമൂഴി വാർഡിൽ LED ലൈറ്റ് വാങ്ങൽ | 100000 | 20051152004100795484/ 02.12.2020 |

| | | | |
|---|---|---|---|
| 4 | 131/2021,വാല്യപാറ വാർഡിൽ വിവിധ സ്ഥലങ്ങളിലായി LED ലൈറ്റ് സ്ഥാപിക്കൽ | 100000 | 20051152004100795488/ 02.12.2020 |
| 5 | 86/2021, കോട്ടക്കുഴി വാർഡിൽ വിവിധ ഭാഗങ്ങളിൽ ഓട്ടോമാറ്റിക് LED ലൈറ്റ് സ്ഥാപിക്കൽ | 51174 | 20051152004100795490/ 02.12.2020 |
| 6 | 79/2021, സീതക്കുഴി വാർഡിൽ വിവിധ സ്ഥലങ്ങളിൽ ഓട്ടോമാറ്റിക് LED ലൈറ്റ് സ്ഥാപിക്കൽ | 51174 | 20051152004100795493/ 02.12.2020 |
| 7 | 7/2021, സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങൾ വാങ്ങൽ | 155020 | 20051152004100795493/ 02.12.2020 |
| | | 8149917 | 20051152004100925094/ 16.01.2021 |
| | | 86250 | 20051152004100925096/ 16.01.2021 |
| | | 59213 | 20051152004100925101/ 11.01.2021 |
| | | 251600 | 20051152004100770401/ 25.11.2020 |
| 8 | 200/2021, കോട്ടക്കുഴി വാർഡിൽ വിവിധ ഭാഗങ്ങളിൽ ഓട്ടോമാറ്റിക് എൽ ഇ ഡി ലൈറ്റ് വാങ്ങൽ | 98176 | 20051152004100173992/ 18.05.2020 |
| 9 | 199/2021, സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ, വാർഡ് 6 | 98176 | 20051152004100173993/ 18.05.2020 |
| 10 | 268/2021, 1, 8, 9, 10 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ, ലേബർ ചാർജ് നൽകൽ | 106000 | 20051152004100173995/ 18.05.2020 |
| | | 294000 | 20051152004100173991/ 18.05.2020 |
| | ആകെ | 21,41,100 | |

തെരുവു വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സർക്കാർ നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇവയൊന്നും പാലിച്ചല്ല വാങ്ങലുകളും അറ്റകുറ്റപ്പണികളും നടത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവുവിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനു മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്സ്.ഇ.ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങണമെന്ന് 16.10.2015-ലെ ജി.ഒ(എം.എസ്)നം.3140/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ക്ലിയറൻസ് വാങ്ങാതെയാണ് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്.

2) ഡിമാന്റ് നിർണ്ണയിച്ചല്ല വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

3) പദ്ധതി നടത്തിപ്പിനായി വാർഡ്തലത്തിൽ മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. പ്രോജക്ടുകൾക്കായി വാങ്ങിയ ഉപകരണങ്ങൾ വാർഡുകളിൽ സ്ഥാപിച്ചു/അറ്റകുറ്റപ്പണി നടത്തി എന്ന് ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തിയത് മാത്രമാണ് പ്രോജക്ട് നിർവ്വഹണത്തിന്റെ തെളിവായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ചില വാർഡുകളിൽ മാത്രം പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡുകളിലുമുള്ള പോസ്റ്റുകളുടെ എണ്ണം, നമ്പർ, ലൊക്കേഷൻ മാപ്പ് ഇവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയത് കൊണ്ടുതന്നെ ഉപകരണങ്ങൾ സ്ഥാപിച്ചതിലെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

4) തെരുവുവിളക്കുകൾക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ കൈപ്പറ്റിയ ആളിന്റെ ഒപ്പ് രേഖപ്പെടുത്തുന്നില്ല. വാങ്ങിയ ഉപകരണങ്ങൾ വിതരണം നടത്തിയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പ്രോജക്ട് നമ്പർ 7/2021 പ്രകാരം വാങ്ങിയ തെരുവുവിളക്ക് ഉപകരണങ്ങൾ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇൻവോയിസ് പ്രകാരം സാമഗ്രികളുടെ എണ്ണമാണ് കാണിച്ചിട്ടുള്ളതെങ്കിൽ സ്റ്റോക്ക് രജിസ്റ്ററിൽ ചില ഇനങ്ങളിൽ എണ്ണത്തിനു പകരം നിശ്ചിത എണ്ണം ബോക്സ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ബോക്സിലെ ഉപകരണങ്ങളുടെ എണ്ണം എത്രയാണെന്നത് ബില്ലിൽ രേഖപ്പെടുത്താത്തതിനാൽ വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്നത് വ്യക്തമല്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത ഉപകരണങ്ങളുടെ എണ്ണവും ഫയലിലെ രേഖകൾ പ്രകാരം അറ്റകുറ്റപ്പണികൾ നടത്തിയ കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇൻസുലേഷൻ ടേപ്പ് വാങ്ങിയതിലധികം കൈപ്പറ്റിയതായും കാണുന്നു.

| ഇനം | സ്റ്റോക്ക് രജിസ്ററർ പ്രകാരം വിതരണം ചെയ്തത് | ഫയലിലെ രേഖകൾ പ്രകാരം കൈപ്പറ്റിയവയുടെ എണ്ണം | വ്യത്യാസം |
|---|---|---|---|
| Tube Set | 1982 | 1175 | 807 |
| Chock | 1340- 4box | 1250 | - |
| Roter Holder | 3000 | 1120 | 1880 |
| Insulation Tape | 155 | 970 | -815 |
| 2.5 Service Wire | 950m | (100+70)m | 780 |

ടി പ്രോജക്ട് പ്രകാരം വാങ്ങിയ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു.

| ഇനം | എണ്ണം |
|---|---|
| Tube Set 36 W Crompton | 660 |
| Side Holder | 250+4box |

എന്നാൽ ഭൗതിക പരിശോധനയിൽ ഇവ കാണാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.19/24.05.2022)യ്ക്കുള്ള മറുപടിയിൽ വാങ്ങിയ ഉപകരണങ്ങൾ എല്ലാം തന്നെ അറ്റകുറ്റപ്പണി നടത്തിയ കരാറുകാരന് വിതരണം ചെയ്തിട്ടുള്ളതാണെന്നും ടിയാനുള്ള പ്രതിഫലം ഇനിയും നൽകാൻ അവശേഷിക്കുന്നുണ്ടെന്നുമാണ് അധികൃതർ അറിയിച്ചത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടല്ല വാങ്ങലുകൾ നടത്തിയിട്ടുള്ളതെന്നതിനാലും കൃത്യമായ സ്റ്റോക്ക് വിതരണരേഖകൾ സൂക്ഷിക്കാത്തതിനാലും വാങ്ങലുകളിലും അറ്റകുറ്റപ്പണികളിലുമുള്ള സുതാര്യ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം വാങ്ങലുകൾ നടത്തുന്നതിനും തെരുവുവിളക്ക് ഉപകരണങ്ങൾക്ക് മാത്രമായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തിയതിനു ശേഷം തിരികെ ലഭിക്കുന്ന കേടായ ഉപകരണങ്ങൾ പ്രത്യേകമായി സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല. 89.02 ലക്ഷം രൂപ നഷ്ടപ്പെടുത്തി

സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാതിരുന്നതിനാൽ 89.02 ലക്ഷം രൂപയാണ് നഷ്ടമായത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 5380626 |
| വികസനഫണ്ട് (എസ്.സി.പി) | 421971 |
| വികസനഫണ്ട് (ടി.എസ്.പി) | 39649 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 890189 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 2170310 |
| | 8902745 |

വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതും നഷ്ടപ്പെടുന്ന അവസ്ഥ

ഒഴിവാക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 പി എച്ച് സി.യിലേക്ക് മരുന്നു ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി 2,00,000 രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ 24,959 രൂപയുടെ മരുന്നു ലഭിക്കുവാൻ അവശേഷിക്കുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ/ തീയതി | പെർഫോർമ ഇൻവോയ്സ് നംപർ/തീയതി | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 46/പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ | 2,00,000/- തീയതി: 19-02-21 | PRF-5031-12/02/2021 | - | 24959 |
| | | PRF-4030-24/7/21 | 30206 | |
| | | PRF-5946-11/9/21 | 36954 | |
| | | PRF-7421-15/10/21 | 29698 | |
| | | PRF-8934-15/11/21 | 5108 | |
| | | PRF8940-15-/11/21 | 47816 | |
| | | PRF-11705-24/1/22 | 14530 | |
| | | PRF-13502-19/2/22 | 10729 | |
| ആകെ | 2,00,000 | | 1,75,041 | 24,959 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്

## 1-25 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 49/21 |
| പദ്ധതിയുടെപേര് | മഴക്കാലപൂർവ്വ ശുചീകരണം. |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) - 1,30,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ. |

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച സർക്കാർ സർക്കുലർ നം.46/ഡി.സി.I/2020 ത.സ്വ.ഭ.വ തീയതി 05-02-2020 പ്രകാരം വാർഡ് ഒന്നിന് 25,000 രൂപ വീതം (ശുചിത്വ മിഷൻ - 10,000/- എൻ.എച്ച്.എം. ഫണ്ട് - 10,000/- തനതു ഫണ്ട് 5,000/-) ചെലവഴിക്കാവുന്നതാണ്. ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് ചെക്ക് നമ്പർ – 918493 തീയതി 20-5-2020 പ്രകാരം 1,30,000 രൂപ കൈമാറിയിട്ടുണ്ട്. ടി. തുക ഗ്രാമപഞ്ചായത്തിലെ 13 വാർഡ് തല സമിതികൾക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 9, 11, 12 എന്നീ വാർഡുതല സമിതികൾ മാത്രമാണ് ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള വാർഡുതല സമിതികളുടെ ചെലവ് രേഖകൾ ഹാജരാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ-12/20-21 തീയതി: 20-5-22) മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന വാർഡുതല സമിതികളുടെ ചെലവ് രേഖകൾ ആഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-26 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം - അപര്യാപ്തം

ഗ്രാമപഞ്ചായത്തിൽ ആകെ ഇരുപത്തിയാറ് അങ്കണവാടികളുണ്ട്. പതിനാല് അങ്കണവാടികൾ സ്വന്തമായി കെട്ടിടമുള്ളവയും പത്തെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും രണ്ടെണ്ണം വാടക രഹിതവുമാണ്. ഇരുപത്തിയഞ്ച് അങ്കണവാടികൾക്ക് ടോയ്ലറ്റ് സൗകര്യമുള്ളതിൽ ഒരെണ്ണം ബേബി ഫ്രണ്ട് ലി ടോയ്ലറ്റാണ്. പതിനൊന്ന് അങ്കണവാടികൾക്കു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. അഞ്ച് അങ്കണവാടികൾ വൈദ്യുതിയും കുടിവെള്ള ലഭ്യതയുള്ളവയുമല്ല. കൂടാതെ ആറ് അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. ആങ്ങമൂഴിയിൽ പ്രവർത്തിക്കുന്ന 95ാം നമ്പർ അങ്കണവാടി ചോർച്ചയുള്ളതിനാൽ അടിയന്തരമായി അറ്റകുറ്റപണികൾ നടത്തേണ്ടതായിട്ടുണ്ടെന്ന് ഐ.ഡി.സി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളതാണ്. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി സുരക്ഷ ഉറപ്പാക്കുക, അങ്കണവാടികൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും

ലഭ്യമാക്കുക എന്നിവ പ്രാവർത്തികമാക്കുന്നതിന് പഞ്ചായത്ത് അധികൃതർ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. ഈ വിഷയത്തിൽ അങ്കണവാടി വെൽഫെയർ കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ, എന്നിവരുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-27 അങ്കണവാടികളുടെ ഫുഡ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല.

അങ്കണവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ രേഖകളിൽ അങ്കണവാടി ഫുഡ് സ്റ്റോക്ക് രജിസ്റ്ററും ഉൾപ്പെടുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ് ഉദ്യോഗസ്ഥർ ടി. രജിസ്റ്റർ പരിശോധിച്ച് കൃത്യത സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന ഫുഡ് സ്റ്റോക്ക് രജിസ്റ്റർ കാലികമാണെങ്കിലും അങ്കണവാടികളിൽ നിന്നും വിതരണത്തിനായി സൂക്ഷിക്കുന്ന സബ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഫുഡ് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി. രജിസ്റ്ററിൽ മുന്നിരിപ്പും നീക്കിയിരിപ്പും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറച്ച് ഇനങ്ങളുടെ ചിലവ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുമില്ല. അതിനാൽ ഭക്ഷ്യ വസ്തുക്കളുടെ വിതരണം സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. കൃത്യമായ മോണിറ്ററിംഗും നടന്നിട്ടില്ല. അങ്കണവാടികളിലെ ഫുഡ് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിശോധിച്ച് സ്റ്റോക്ക് വേരിഫിക്കേഷൻ ചെയ്യേണ്ടത് അനിവാര്യമാണ്. തുടർന്നു വരുന്ന വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ആയതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും ആയത് തുടർ ഓഡിറ്റിൽ നിരീക്ഷിക്കുന്നതുമാണ്.

## 1-28 അധികം നൽകിയ ജി.എസ്.റ്റി കോംപൻസേഷൻ തിരികെ ഒടുക്ക് വരുത്തി

| | |
|---|---|
| പ്രോജക്റ്റ് നം | 368/21(351/20) |
| പ്രോജക്റ്റിന്റെ പേര് | കുളഞ്ഞിമുക്ക് വടക്കേക്കര റോഡ് മേലേപ്പുരയിൽ പടി ഡി.ആർ |
| കരാറുകാരൻ | ശ്രീ വർഗ്ഗീസ് പി.എം |
| അടങ്കൽ | 440000<br>(വികസന ഫണ്ട് - പൊതുവിഭാഗം (പ്രളയ ദുരിതാശ്വാസം)) |
| ചെലവ് | 332434 |
| ബിൽ നം/തീയതി | 20051152005000426586/14.08.2020 |
| എഗ്രിമെന്റ് നം/തീയതി | 5/AE/LSGD/SGP/2020-21<br>തീയതി 15.06.2020 |
| എം ബുക്ക് നം | 20/20-21 |

ടി പ്രവൃത്തിയ്ക്ക് ജി.എസ്.ടി കോമ്പൻസേഷൻ കണക്കാക്കിയതിലെ പിഴവ് മൂലം കരാറുകാരന് അധിക പ്രതിഫലം നൽകുകയുണ്ടായി. എം ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 392183 രൂപയാണ്. ആയതിൽ നിന്നും ടെണ്ടർ കുറവ് (27.235%) കണക്കാക്കിയതിന് ശേഷം അവശേഷിക്കുന്ന 285372 രൂപയുടെ 12% ജി.എസ്.റ്റി കോംപൻസേഷനാണ്(34245 രൂപ) കരാറുകാരന് അർഹതയുള്ളത്. എന്നാൽ ആകെ പ്രവൃത്തി മൂല്യത്തെ അടിസ്ഥാനമാക്കി 47062 രൂപ നൽകുക വഴി 12817 രൂപ കരാറുകാരന് അധികം ജി.എസ്.റ്റി കോംപൻസേഷൻ നൽകിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകുകയും (3/13.05.2022) തുടർന്ന് 23.05.2022ലെ 1220100339-ാം നമ്പർ രസീത് പ്രകാരം പ്രസ്തുത തുക അസിസ്റ്റന്റ് എഞ്ചിനീയർ തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്തിട്ടുണ്ട്.

## 1-29 ടെണ്ടർ കുറവ് കണക്കാക്കിയതിലെ പിഴവ് മൂലം കരാറുകാരന് അധികം പ്രതിഫലം നൽകി

| | |
|---|---|
| പ്രോജക്റ്റ് നം | 345/21 (135/20) |
| പ്രോജക്റ്റിന്റെ പേര് | 14-ാം മൈൽ രാമുപ്പടി റോഡ് കോൺക്രീറ്റിംഗ് |
| കരാറുകാരൻ | ശ്രീ റ്റി.എ. ഷെമീർ, തടത്തിൽ, ആങ്ങമൂഴി |
| അടങ്കൽ | 150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 149801 |
| ബിൽ നം/തീയതി | 20051152005000729833/12.11.2020 |
| എഗ്രിമെന്റ് നം/തീയതി | 112/AE/LSGD/SGP/2019-20 തീയതി 13.03.2020 |

| | |
|---|---|
| എം ബുക്ക് നം | 110/19-20 |

ടി പ്രവൃത്തിയ്ക്ക് ടെണ്ടർ കുറവ് കണക്കാക്കിയതിലെ പിഴവ് മൂലം കരാറുകാരന് അധിക പ്രതിഫലം നൽകുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. എം ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 133885 രൂപയാണ്. ആയതിൽ നിന്നും 5.7% ടെണ്ടർ കുറവ് കണക്കാക്കുന്നതിന് പകരം 0.1% ടെണ്ടർ കുറവ് ചെയ്താണ് കരാറുകാരന് പ്രതിഫലം നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | ബിൽ പ്രകാരം നൽകിയ തുക | കരാറുകാരന് അർഹതപ്പെട്ടത് |
|---|---|---|
| പ്രവൃത്തി മൂല്യം | 133885 | 133885 |
| (-) ടെണ്ടർ കുറവ് | 134(0.1%) | 7631(5.7%) |
| ആകെ | 133751 | 126254 |
| (+) ജി.എസ്.റ്റി. കോംപൻസേഷൻ (12%) | 16050 | 15150 |
| ആകെ | 149801 | 141404 |
| (-) ആദായ നികുതി | 1338 | 1263 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമ നിധി | 1338 | 1263 |
| ആകെ പ്രതിഫലം | 147125 | 138878 |

ടെണ്ടർ കുറവ് തെറ്റായി കണക്കാക്കിയത് വഴി 8247 രൂപ കരാറുകാരന് അധികം പ്രതിഫലം നൽകിയിട്ടുണ്ട്. ടി. തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതിന് 16.05.2022ലെ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരനിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിശദാംശം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-30 ടാറിംഗ് പ്രവൃത്തികളിൽ ടാറിന്റെ അളവ് സാക്ഷ്യപ്പെടുത്തിയില്ല

പഞ്ചായത്തിൽ 2020-21 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, നമ്പർ | അടങ്കൽ | ചെലവ് തുക ബിൽ നം/തീയതി | കരാർ നം/തീയതി കരാറുകാരന്റെ പേര് എം ബുക്ക് നം |
|---|---|---|---|---|
| 1 | സീതത്തോട് വഞ്ചിപ്പടി കൃഷി ഭവൻ റോഡ് ടാറിംഗ്, ഐറിഷ് ഓട (238/21, 122/20) | 500000 | 497465 79/11.04.2020 | 83/19-20/ 26.02.20 എച്ച്.സലീം 95/19-20 |
| 2 | ആങ്ങമൂഴി പായിക്കാട്ട് പടി റോഡ് റീ ടാറിംഗ്(275/21,113/20) | 1000000 | 916719 86/17.04.20 | 82/19-20 /26.02.20 എച്ച്.സലീം 89/19-20 |

ക്രമ നം 1 ലെ പ്രവൃത്തിയുടെ ഫയലിൽ ടാർ വാങ്ങിയതിന്റെ ബില്ലുകൾ സൂക്ഷിച്ചിരുന്നില്ല. ക്രമ നം 2 ൽ ഒറിജിനൽ ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിൻ, എമൾഷൻ എന്നിവയുടെ അളവ് സംബന്ധിച്ച് എം ബുക്കിലും ടാർ ബില്ലിലും സാക്ഷ്യപ്പെടുത്തലുകളില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ ക്രമ നം 1 ലെ പ്രവൃത്തിയുടെ ഒറിജിനൽ ടാർ ബില്ലിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കുകയുണ്ടായത് . രണ്ട് പ്രവൃത്തികളിലെയും ഒറിജിനൽ ബില്ലുകൾ ലഭ്യമാക്കിയില്ല. ടി. ബില്ലുകൾ, എം ബുക്ക് എന്നിവയിലൊന്നും തന്നെ പ്രസ്തുത പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിൻ എമൾഷൻ എന്നിവയുടെ അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്തത് നടപടിക്രമത്തിലുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 രേഖകൾ ഹാജരാക്കിയില്ല

ചുവടെ ചേർക്കുന്ന ഫയലുകളിൽ കരാറുകാരൻ സമർപ്പിച്ച ടെൻഡർ ഷെഡ്യൂൾ റേറ്റ്, ബിഡ് കംപയറിംഗ് സ്റ്റേറ്റ്മെന്റ് എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, നം | അടങ്കൽ | ചെലവ് തുക ബിൽ നം/തീയതി |
|---|---|---|---|
| 1 | 75/21 മണികണ്ഠൻ കാല പുളിമൂട്ടിൽപ്പടി ആലക്കോട്ട് പടി റോഡ് കോൺക്രീറ്റിംഗ് | 406256 | 406129 |
| 2 | 322/21 കൊച്ചുപമ്പ കുറുപ്പയ്യപ്പടി റോഡ് കോൺക്രീറ്റിംഗ് | 100000 | 91248 |
| 3 | 361/21 എസ്.എൻ റോഡ് സംരക്ഷണഭിത്തി | 380000 | 368637 |
| 4 | 127/21 എള്ള് കാലായിൽപ്പടി റോഡ് കോൺക്രീറ്റ് | 300000 | 299603 |
| 5 | 192/21 പായിക്കാട്ട് പടി റോഡ് വീതി കൂട്ടൽ മൺപണി | 49000 | 48729 |
| 6 | 111/21 താന്നിമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 49000 | 48968 |
| 7 | 173/2 1 എച്ച്.എസ്സ് പടി പൂവണ്ണംപാറ റോഡ് കോൺക്രീറ്റ് | 97539 | 97364 |
| 8 | 120/21 വാലുപാറ ആനക്കുളം റോഡ് കോൺക്രീറ്റിംഗ് | 300000 | 296335 |
| 9 | 331/21 എസ്.എ.വി.എച്ച്.എസ്സ് മലഭാഗം വാലുപാറ റോഡ് കോൺക്രീറ്റ് | 189654 | 189231 |
| 10 | 363/21 പഞ്ഞിപ്പാറ എസ്സ്.സി കോളനി റോഡിൽ കോട്ടയ്ക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 240387 | 240373 |
| 11 | 159/21 സീതത്തോട് പി.എച്ച്.സി ഭാഗം റോഡ് കോൺക്രീറ്റ് അനുബന്ധപ്പണികൾ | 390000 | 388982 |
| 12 | 362/21 പഞ്ഞിപ്പാറ എസ്സ്.സി കോളനി റോഡ് മെയിന്റനൻസ് | 350000 | 349752 |
| 13 | 103/21 ചതുപ്പ് റോഡ് കോൺക്രീറ്റിംഗ് | 250000 | 249331 |
| 14 | 249/21 മൂന്ന് കല്ല് പൂവണ്ണം പാറ റോഡ് മൺപണി കോൺ ക്രീറ്റ് | 148002 | 147855 |
| 15 | 329/21 എസ്.എ.വി.എച്ച്.എസ്സ് മലഭാഗം റോഡ് കോൺക്രീറ്റ് | 292276 | 282134 |
| 16 | 146/21 പീടികപ്പടി മാത്തപ്പടി റോഡ് കോൺക്രീറ്റിംഗ് | 200000 | 199301 |

രേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 1-32 റിവോൾവിംഗ് ഫണ്ട്-സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല

റിവോൾവിംഗ് ഫണ്ട് നൽകുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് സെക്രട്ടറി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം പേര് | അടങ്കൽ | ചെലവ് തുക | ബിൽ നം/തീയതി |
|---|---|---|---|---|
| 1 | 30/21 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് | 100000 | 100000 | 20051152004200898298/ 06.01.21 |
| 2 | 31/21 വയോജന കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് | 200000 | 170000 | 20051152004200898295/ 06.01.21 |
| 3 | 32/21 കുടുംബശ്രീ സംരംഭങ്ങൾക്ക് | 200000 | 200000 | 20051152004201439043/ |

| | | | | |
|---|---|---|---|---|
| | റിവോൾവിംഗ് ഫണ്ട് | | | 30.03.21 |

31/21-ാം നമ്പർ പ്രോജക്ട് പ്രകാരം സി.ഡി.എസ്സിന്റെ വയോജന കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ടായി 17 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 170000 രൂപയും 32/21-ാം നമ്പർ പ്രോജക്ട് പ്രകാരം 6 വ്യക്തിഗത സംരംഭങ്ങൾക്ക് 5000രൂപ വീതവും 17 ഗ്രൂപ്പ് സംരംഭങ്ങൾക്ക് 10000രൂപ വീതവും ചേർത്ത് ആകെ 200000രൂപയും 30/21-ാം നമ്പർ പ്രോജക്ട് പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 100000 രൂപയും അനുവദിച്ചിരുന്നു.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം22/2018/ത.സ്വ.ഭ.വ തീയതി 14.02.2018) പ്രകാരം റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കേണ്ട തുകയാണെന്നും ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സഹായം ലഭിച്ച് 3 മാസം കഴിഞ്ഞിട്ടും തിരിച്ചടവ് ആരംഭിച്ചിട്ടില്ല.
നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള റിവോൾവിംഗ് ഫണ്ട് റീക്ലപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ് തുക തിരിച്ചടയ്ക്കേണ്ടത്. എന്നാൽ അപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടില്ല.
റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും നിർവ്വഹണോദ്യോഗസ്ഥനുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വയ്ക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.
റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കുന്നുണ്ടെങ്കിലും റിവോൾവിംഗ് ഫണ്ട് തിരികെ ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹാര മാർഗ്ഗം സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-33 പ്രവൃത്തി അളന്ന് പ്രതിഫലം തിട്ടപ്പെടുത്താതെ കരാറുകാരന് തുക നൽകി

കുടുംബശ്രീ ന്യായ വില ഹോട്ടൽ (ജനകീയ ഹോട്ടൽ) (38/21) എന്ന പദ്ധതിയിൽ പഞ്ചായത്ത് മാർക്കറ്റിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥാപനങ്ങൾ അറ്റകുറ്റപ്പണി നടത്തി ജനകീയ ഹോട്ടലാക്കുന്ന പദ്ധതിക്ക വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ 99906 രൂപ ക്വോട്ട് ചെയ്ത മോൻസി എന്ന കരാറുകാരനെ അസിസ്റ്റന്റ് സെക്രട്ടറി പ്രസ്തുത പ്രവൃത്തി ഏൽപിച്ചു. എന്നാൽ ടി പ്രവൃത്തിക്ക് എം ബുക്കിൽ മെഷർമെന്റ് എടുക്കാതെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിനെ അടിസ്ഥാനപ്പെടുത്തി പാർട്ട് ബിൽ തുക (ബിൽ നം.117/01.06.2020 – 99,000) നൽകി. ടി. നടപടി ക്രമ പ്രകാരമല്ല. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ തുകയായി ജനകീയ ഹോട്ടലിന്റെ ബാലൻസ് വർക്ക് & ലൈറ്റ് റൂഫ് കൺസ്ട്രക്ഷൻ എന്ന പേരിൽ 25200 രൂപയുടെ എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ച് ചെലവ് തുക (ബിൽ നം.120/18.06.2020 – 25,200) കൈപ്പറ്റിയിട്ടുണ്ട്. ആയതിനും എം ബുക്കിൽ മെഷർമെന്റ് എടുക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20.05.2022) മറുപടിയായി കോവിഡ് കാലത്ത് നടപ്പിലാക്കിയ പദ്ധതിയ്ക്ക് മുഴുവൻ നടപടി ക്രമങ്ങളും പാലിക്കാൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി മറുപടി താത്ക്കാലികമായി അംഗീകരിക്കുന്നു. പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-34 സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല

സ.ഉ(അച്ചടി) നം:87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. കൂടാതെ 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം:2532/2018/തസ്വഭവ, നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃകയും ഈ ഉത്തരവിനോടൊപ്പം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം പഞ്ചായത്തിൽനിന്നും ജി.എസ്.ടി. കോമ്പൻസേഷന് കൈപ്പറ്റിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ മേൽ പറഞ്ഞ പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കിയിട്ടില്ല. ആയത് കരാറുകാരിൽ നിന്നും വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1000000 | 306, കിഴങ്ങ് വർഗ്ഗ കൃഷി, എസ്സ്.സി | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1600000 | 308, കിഴങ്ങ് വർഗ്ഗ കൃഷി (ജനറൽ) | 1600000 | 0 |
| ജില്ലാ പഞ്ചായത്ത് | 1920000 | 311, ലൈഫ് മിഷൻ - ഭവന നിർമ്മാണം | 1920000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 400000 | 52, ലൈഫ് മിഷൻ - ഭവന നിർമ്മാണം | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | 40, അങ്കണവാടി പോഷകാഹാരം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 378760 | 271, വാലുപാറ കുടിവെള്ള പദ്ധതി | 378760 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 199986 | 363, പഞ്ഞിപ്പാറ എസ്സ്.സി കോളനി റോഡിൽ കോട്ടയ്ക്കൽപടി റോഡ് കോൺക്രീറ്റിംഗ് | 199986 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 299752 | 362, പഞ്ഞിപ്പാറ എസ്സ്.സി കോളനി റോഡ് മെയിന്റനൻസ് | 299752 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 168275 | 297, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 168275 | 0 |
| ജില്ലാ പഞ്ചായത്ത് | 60000 | 16, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 60000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ടിന്റെ നമ്പർ, പേര് | ബിൽ നമ്പർ/ചെക്ക് നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 259/21, വിവിധ വാർഡുകളിൽ അപകടകരമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 20051152004101293256/ 19/03/2021 | 242714 | 0 | 242714 |
| | | 20051152004100173994/ 18/05/2020 | 130627 | 0 | 130627 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 155/21, കൊച്ചാണ്ടി കാർഷിക ജലസേചന | 20051152004100652293/ 22/10/2020 | 20985 | 0 | 20985 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷന് തുക നൽകൽ | | | | |
| കേരള വാട്ടർ അതോറിറ്റി | 396/21, മൂന്നുകല്ല് ജലസേചന പദ്ധതി - പ്രഷർ ഫിൽറ്റർ പമ്പ് സ്ഥാപിക്കൽ- ടാങ്ക് സാഥിച്ച് പൈപ്പ് ലൈൻ നീട്ടൽ | 20051152004100650897/ 22/10/2020 | 1444000 | 0 | 1444000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 18757022 | 0 | 18757022 | 2284314 | -- | 16472708 |

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ലോൺ തുക, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി വ്യത്യാസമുണ്ട്. 2019-20 വർഷം ലോൺ തിരിച്ചടവിലേക്കായി സ്രോതസ്സിൽ കുറവ് ചെയ്ത 13,82,353 രൂപയും 2020-21 വർഷം സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 2284314 രൂപയും അക്കൗണ്ട് ചെയ്തിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-7 | 2007-08 | 3.13.1 | ഓഡിറ്റ് സമയത്ത് വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2004-05 | 2(1) | 2009-10 | 2.1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ അപാകത | പരാമർശം തീർപ്പാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2004-05 | 3(16) | 2009-10 | 2.8 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് പരാമർശം | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2013-14 | 2.2 | 2016-17 | അദ്ധ്യായം1 (2-2) | സർക്കാർ/അർദ്ധ സർക്കാർ ചുമതലയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല | പരാമർശം തീർപ്പാക്കിയിട്ടില്ല |
| 2014-15 | 2-2 | 2016-17 | അദ്ധ്യായം 1 (2-2) | വസ്തുനികുതി പരിഷ്കരണ നടപടികൾ ആധികാരികമല്ല | പരാമർശം തീർപ്പാക്കിയിട്ടില്ല |
| | 2.3(എ) | 2016-17 | അദ്ധ്യായം 2, 2.3 (എ) | തൊഴിൽ നികുതി പിരിവ് അപാകത | പരാമർശം തീർപ്പാക്കിയിട്ടില്ല |
| | 2.3(ബി) | 2016-17 | അദ്ധ്യായം 2, 2.3 (ബി) | മുഴിയാർ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി | പരാമർശം തീർപ്പാക്കിയില്ല |
| | 2-3(സി) | 2016-17 | അദ്ധ്യായം 2, 2.3 (സി) | ഇലക്ട്രിക്കൽ ഫോറസ്റ്റ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി | പരാമർശം തീർപ്പാക്കിയില്ല |
| | 2-4 | 2016-17 | അദ്ധ്യായം 2, 2.4 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് | പരാമർശം തീർപ്പാക്കിയില്ല |
| 2015-16 | 2.3 | 2016-17 | അദ്ധ്യായം2 (2.3) | 2015-16 വർഷത്തെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായില്ല | പരാമർശം തീർപ്പാക്കിയില്ല |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 159529951 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 156543248 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 8247 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 733970 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 1-29 | -- | 8247 | ശ്രീ രാഘവൻ പി.സി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 8247 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-19 | 338990 | ശ്രീ അശോക് കുമാർ ജി<br>സെക്രട്ടറി |
| 1-20 | 394980 | ശ്രീ അശോക് കുമാർ ജി<br>സെക്രട്ടറി |
| ആകെ | 733970 | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സവാദത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാഘവൻ പി.സി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സീതത്തോട് ഗ്രാമപഞ്ചായത്ത് | വൈകുണ്ഠം, പുത്തനമ്പലം, കൊല്ലം |
| ശ്രീ അശോക് കുമാർ ജി സെക്രട്ടറി | സെക്രട്ടറി, സീതത്തോട് ഗ്രാമപഞ്ചായത്ത് | ദേവ് സദനം തണ്ണിത്തോട് പി.ഒ പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3.30/00<br>തീയതി 11.04.01/05.06.01 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3.64/01<br>തീയതി 14.02.01 | 26 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4.422/03<br>തീയതി 07.01.04/02.08.04 | 16 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.29/06<br>തീയതി 09.02.07 | എല്ലാ ഖണ്ഡികകളും |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.477/10<br>തീയതി 08.12.10/29.07.11 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.923/07<br>തീയതി 02.03.08 | എല്ലാ ഖണ്ഡികകളും |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.478/10<br>തീയതി 10.12.10/15.03.11 | എല്ലാ ഖണ്ഡികകളും |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി5.976/08<br>തീയതി 30.06.09 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5.977/08<br>തീയതി 29.07.99 | 10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി3.625/09<br>തീയതി 22.02.10 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5.626/09<br>തീയതി 08.12.10 | 16 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5.479/10<br>തീയതി 02.07.11 | 25 |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി6.336/13<br>തീയതി 05.07.13 | 03 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.337/13<br>തീയതി 05.07.13 | 02 |
| 2012-13 & 2013-14 | എൽ.എഫ്.പി.റ്റി.എ-പി6.183/15<br>തീയതി 07.04.15 | 03 |
| 2014-15 | കെ.എസ്.എ.പി.റ്റി.എപി6.856/2016<br>തീയതി 27.07.2016 | 07 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6.1284/2016<br>തീയതി 24.11.2016 | 16 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി6/1110/17<br>തീയതി 03.10.17 | 21 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/106/19<br>തീയതി 06.03.19 | 20 ഖണ്ഡികകൾ<br>3-1, 3-2, 3-3,<br>3-4, 3-10, 3-12,<br>3-13, 3-14, 3-15,<br>3-16, 3-23, 3-24, 3-25,<br>4-1, 4-2,<br>4-7, 4-8, 4-9,<br>4-10, 4-11 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/730/19<br>തീയതി 16.09.2019 | 3 ഖണ്ഡികകൾ (2-2, 2-3, 3-3-1(2),(3)) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6/305/22<br>തീയതി 26.03.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്